പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5109 — 23.03.2018-ൽ മറുപടിക്ക്

## കാർഷിക മേഖലയിൽ പണിയെടുക്കുന്ന അവിദഗ്ധ തൊഴിലാളികൾക്ക് തുല്യവേതനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | കാർഷിക മേഖലയിൽ പണിയെടുക്കുന്ന അവിദഗ്ധ തൊഴിലാളികളിലെ സ്ത്രീ-പുരുഷ തൊഴിലാളികളുടെ വേതന നിരക്ക് തമ്മിൽ കാര്യമായ അന്തരം ഉള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ആലപ്പുഴ ജില്ലയിൽ സ്ത്രീ-പുരുഷ തൊഴിലാളികളുടെ വേതന നിരക്ക് തമ്മിൽ വ്യത്യാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാടത്ത് പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് തുല്യജോലി ചെയ്യുന്ന പുരുഷൻമാരേക്കാൾ കുറഞ്ഞ വേതനം ലഭിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ ഈ അന്തരം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | കുട്ടനാട് കാർഷിക മേഖലയിൽ പുരുഷ - സ്ത്രീ തൊഴിലാളികളുടെ വേതന നിരക്കിൽ അന്തരമുണ്ട്. കുട്ടനാട് കാർഷിക മേഖലയിലെ കൂലി നിരക്കുകൾ നിശ്ചയിക്കപ്പെടുന്നത് കുട്ടനാട് ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ്. മേൽ വിഷയം വേതന പരിഷ്കരണം നടത്തുന്ന സന്ദർഭത്തിൽ ഐ.ആർ.സി-യിൽ പരിഹാരം കണ്ടെത്താവുന്നതാണ്. |
| (സി) | കാർഷികമേഖലയിൽ പണിയെടുക്കുന്ന അവിദഗ്ധ തൊഴിലാളികൾക്ക് തുല്യവേതനം ഉറപ്പുവരുത്തുന്നതിന് ഈ മേഖലയിൽ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (സി) | കാർഷിക മേഖലയിലെ മിനിമം വേതന നിരക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരമാണ് നിശ്ചയിക്കുന്നത്. നിലവിൽ ഈ മേഖലയിൽ എസ്.ആർ.ഒ നം. 257/2017 പ്രകാരം വേതനം നിശ്ചയിച്ച് ആയത് നടപ്പിലാക്കി വരുന്നുണ്ട്. വേതന നിരക്കിലെ അന്തരം കുട്ടനാട് ഒഴികെ മറ്റെങ്ങും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ, മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന ഘട്ടത്തിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.